# DEPARTMENT OF ANATOMY

## GOVERNMENT MEDICAL COLLEGE, THRISSUR

## GUIDELINES FOR BODY DONATION

**"MORTUI VIVOS DOCENT"**

**(The Dead Teach The Living)**

Donating body after death for educational purposes is an act of serving humanity.

- To serve the humanity and to become a proud body donor, an affidavit as per the attached format needs to be submitted in stamp paper worth Rs.100/- to the Professor & HOD, Department of Anatomy, Government Medical College, Thrissur.
- Consent from all the legal heirs of the donor is mandatory. If there is no relative, it should be specified.
- It is mandatory that the document should be signed by all legal heirs and two witnesses.
- Photo & copy of Aadhaar card of donor along with Aadhaar card copies of all heirs and witnesses should be submitted.
- The donor on submission of the above documents a registered **"Body Donor ID Card"** will be issued which should be informed to close friends and immediate relatives for strict compliance. This card must be carried at all times in pocket or pocket diary.
- Within six hours after death the dead body should be brought to the Government Medical College, Thrissur. If it takes more than six hours, the body should be kept in a freezer and brought to the Anatomy Department.
- We regret to inform you that dead bodies subjected to post-mortem cannot be accepted even if they are registered for donation with ID card as they would be already dissected and as such, unfit for preservation.
- For more information and queries feel free to contact to us.

Dr.Sathidevi.V.K. - +919446435566
**Prof. & HOD - Department of Anatomy**

0487-2201355
**Principal Office**

Under circumstances if the donor is unable to report in person for submission of all documents, the same can also be sent by post to the Department of Anatomy, Government Medical College, Thrissur along with donor's phone number. The registered **"Body Donor ID Card"** will be sent back by post to your address at the earliest.

# അനാട്ടമി ഡിപ്പാർട്ട്മെന്റ്
## ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ

**മൃതദേഹം മെഡിക്കൽ കോളേജിലേക്ക് ദാനം ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ**

**"മോർഷ്വി വൈവോസ് ഡോസന്റ്"**

**(അന്തരിച്ചവർ ജീവിക്കുന്നവരെ പഠിപ്പിക്കുന്നു!)**

മരണാനന്തരം മൃതശരീരം സംസ്കരിക്കുന്നതിനു പകരം പഠനാവശ്യത്തിനായി ദാനം ചെയ്യുന്നപക്ഷം മാനവരാശിയുടെ ആരോഗ്യപരമായ അതിജീവനത്തിനായി ലോകമെമ്പാടുമുള്ള പരിശ്രമങ്ങളിൽ നമ്മളും പങ്കാളികളാകുന്നു. മഹത്തായ ഈ പ്രപഞ്ചതത്വം എല്ലാ സുമനസ്സുകളും അറിഞ്ഞിരിക്കേണ്ടതാണ്.

- മാനവികതയെ സേവിക്കുന്നതിനും അഭിമാനകരമായ ഒരു ശരീരദാതാവാകുന്നതിനും മൃതദേഹം സംഭാവന ചെയ്യാൻ താല്പര്യമുള്ളവർ നിർദ്ദിഷ്ട മാതൃകയിൽ 100 രൂപയുടെ മുദ്രപത്രത്തിൽ സത്യവാങ്മൂലം തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് അനാട്ടമി വിഭാഗം പ്രൊഫസർക്ക് നൽകേണ്ടതാണ്.
- ദാതാവിന്റെ നിയമപരമായ എല്ലാ അവകാശികളുടെയും സമ്മതം നിർബന്ധമാണ്. ബന്ധുക്കൾ ഇല്ലാത്തപക്ഷം അക്കാര്യം വ്യക്തമാക്കിയിരിക്കണം.
- സമ്മതപത്രത്തിൽ എല്ലാ അവകാശികളും രണ്ട് സാക്ഷികളും ഒപ്പിട്ടിരിക്കണം
- സമ്മതപത്രത്തിനൊപ്പം ദാതാവിന്റെ ഫോട്ടോയും, ആധാർ കാർഡിന്റെ കോപ്പിയും കൂടാതെ എല്ലാ അനന്തരാവകാശികളുടെയും, സാക്ഷികളുടെയും ആധാർ കാർഡിന്റെ കോപ്പികളും സമർപ്പിക്കേണ്ടതാണ്.
- രേഖകൾ സമ്പൂർണ്ണമായി സമർപ്പിച്ച് കഴിഞ്ഞാൽ ദാതാവിനെ രജിസ്റ്റർ ചെയ്ത **"ബോഡി ഡോണർ ഐഡി കാർഡ്"** നൽകുന്നതാണ്. ഈ കാര്യം ഉറ്റവരെയും ബന്ധുമിത്രാദികളെയും അറിയിച്ചിരിക്കണം. ഈ കാർഡ് എപ്പോഴും കൈവശം ഉണ്ടായിരിക്കണം.
- മരണശേഷം ആറുമണിക്കൂറിനുള്ളിൽ മൃതശരീരം മെഡിക്കൽ കോളേജിൽ എത്തിക്കണം. ആറുമണിക്കൂറിൽ കൂടുതൽ സമയം എടുക്കുമെങ്കിൽ ശരീരം ഫ്രീസറിൽ സൂക്ഷിച്ചിട്ടായിരിക്കണം അനാട്ടമി ഡിപ്പാർട്ട്മെന്റിലേക്ക് എത്തിക്കേണ്ടത്. ഇക്കാര്യം ഉറ്റ ബന്ധുക്കളെ ബോദ്ധ്യപ്പെടുത്തിയിരിക്കേണ്ടതാണ്.
- പോസ്റ്റ്മോർട്ടത്തിന് വിധേയമായ മൃതദേഹങ്ങൾ ദാനം ചെയ്യാൻ രജിസ്റ്റർ ചെയ്തതാണെങ്കിൽ കൂടി അവ സ്വീകരിക്കാൻ കഴിയില്ല എന്ന് അറിയിക്കുന്നതിൽ ഖേദിക്കുന്നു.
- കൂടുതൽ വിവരങ്ങൾക്കും സംശയ നിവൃത്തിക്കും താഴെ നൽകിയിരിക്കുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ. സതീദേവി.വി.കെ. - +919446435566
**പ്രൊഫസർ - അനാട്ടമി ഡിപ്പാർട്ട്മെന്റ്**

0487-2201355
**പ്രിൻസിപ്പാൾ ഓഫീസ്**

എല്ലാ രേഖകളും പോസ്റ്റലായി അനാട്ടമിയിലേക്ക് അയച്ചു തന്നാൽ **"ബോഡി ഡോണർ ഐഡി കാർഡ്"** തിരിച്ച് അഡ്രസ്സിലേക്ക് അയച്ചു തരുന്നതാണ്. നേരിട്ട് വരണമെന്ന് നിർബന്ധമില്ല. ദാതാവിന്റെ ഫോൺ നമ്പർ വ്യക്തമായി എഴുതിയിരിക്കണം.

# <u>സമ്മതപത്രം</u>

.................................................................................................. താലൂക്ക് ...................................................................................... വില്ലേജ്
.................................................................................................. ദേശത്ത് ...................................................................................... വീട്ടിൽ
.................................................................................................. മകൻ / മകൾ ............................ വയസ്സ്, എന്ന ഞാൻ തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ അവർകൾ മുമ്പാകെ സമർപ്പിക്കുന്ന സമ്മതപത്രം.

എന്റെ ശരീരം മരണാനന്തരം, വൈദ്യശാസ്ത്ര വിദ്യാർഥികളുടെ പഠനത്തിന് ഉപകരിക്കുന്നതിനുവേണ്ടി തൃശൂർ മെഡിക്കൽ കോളേജിലേക്ക് വിട്ടുകൊടുക്കുന്നതിന് സ്വമേധയാ തയ്യാറാണെന്നുള്ള വിവരം താഴെ കാണിച്ചിരിക്കുന്ന സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ, ഇതിനാൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഒപ്പ് :
പേര് :
പൂർണമായ മേൽവിലാസം :

എന്റെ പിതാവിന്റെ / മാതാവിന്റെ / സഹോദരന്റെ / സഹോദരിയുടെ / മകന്റെ / മകളുടെ / ഭാര്യയുടെ / ഭർത്താവിന്റെ (മരിച്ചയാളുമായുള്ള ബന്ധം വ്യക്തമാക്കണം) ശരീരം മരണാനന്തരം മെഡിക്കൽ വിദ്യാർഥികളുടെ പഠനത്തിനുവേണ്ടി തൃശൂർ മെഡിക്കൽ കോളേജിലേക്ക് വിട്ടുകൊടുക്കുന്നതിന് എനിക്ക് പൂർണ്ണസമ്മതമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു. (നിയമപരമായ അവകാശികൾ എത്ര പേരുണ്ടോ അത്രയും ആളുകൾ താഴെ പേരെഴുതി, ഒപ്പിട്ട്, വ്യക്തമായ മേൽവിലാസവും രേഖപ്പെടുത്തേണ്ടതാണ്.)

ഒപ്പ് :
പേര് :
പൂർണമായ മേൽവിലാസം :

സാക്ഷികൾ :

1.

2.

തീയതി :
സ്ഥലം :

# അനാട്ടമി ഡിപ്പാർട്ട്മെന്റ്

## ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ

**ജീവിച്ചിരിക്കുമ്പോൾ ശരീരം ദാനം ചെയ്യുന്നതിന്റെ രജിസ്ട്രേഷൻ നടത്തുവാൻ സാധിക്കാതെ പോയവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ**

- സ്വീകർത്താവായ പ്രൊഫസർ & ഡിപ്പാർട്ട്മെന്റ് മേധാവി, അനാട്ടമി വിഭാഗം, ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ എന്ന് വിലാസത്തിൽ വെള്ളപേപ്പറിൽ മൃതശരീരം ദാനം ചെയ്യുവാൻ സമ്മതമാണെന്ന് നിയമപരമായ എല്ലാ അനന്തരാവകാശികളും ഒപ്പിട്ട് സമർപ്പിക്കുന്ന അപേക്ഷയിൽ രണ്ട് സാക്ഷികളും ഒപ്പിട്ടിരിക്കണം.
- മരണം സംഭവിച്ച വ്യക്തിയുടെയും, അപേക്ഷയിൽ ഒപ്പിട്ട എല്ലാവരുടെയും ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കണം.
- അന്തരിച്ച വ്യക്തിയുടെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ സമർപ്പിക്കണം.
- മരണകാരണം, മരിച്ച ദിവസം, സമയം എന്നിവ രേഖപ്പെടുത്തിയ ഡോക്ടറുടെ സർട്ടിഫിക്കറ്റ് അല്ലാത്തപക്ഷം ആശുപത്രിയിൽ നിന്നും ലഭിച്ച ഡെത്ത് സമ്മറി നിർബന്ധമായും ഹാജരാക്കേണ്ടതാണ്. മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും ഒന്ന് ലഭിക്കാത്ത പക്ഷം മാത്രം തദ്ദേശസ്വയംഭരണവകുപ്പിലെ ഉദ്യോഗസ്ഥരുടെയോ ജനപ്രതിനിധികളുടെയോ സാക്ഷ്യപത്രം സ്വീകരിക്കുന്നതാണ്.
- ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നും മരണകാരണം അസ്വാഭാവികമല്ല എന്ന് തെളിയിക്കുന്ന രേഖ ആവശ്യം വരുന്ന സന്ദർഭങ്ങളിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

**ശരീരദാനം രജിസ്ട്രേഷൻ ചെയ്തവവരുടെ മൃതദേഹം കൊണ്ടുവരുമ്പോൾ ഹാജരാക്കേണ്ട രേഖകൾ**

- രജിസ്ട്രേഷൻ പൂർത്തികരിച്ച സമയത്ത് അനുവദിച്ച **"ബോഡി ഡോണർ ഐഡി കാർഡ്"** തിരിച്ചേൽപിക്കണം.
- മൃതദേഹം കൈമാറുവാൻ വരുന്ന വ്യക്തിയുടെ ആധാർ കാർഡിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
- മരണകാരണം, മരിച്ച ദിവസം, സമയം എന്നിവ രേഖപ്പെടുത്തിയ ഡോക്ടറുടെ സർട്ടിഫിക്കറ്റ് അല്ലാത്തപക്ഷം ആശുപത്രിയിൽ നിന്നും ലഭിച്ച ഡെത്ത് സമ്മറി നിർബന്ധമായും ഹാജരാക്കേണ്ടതാണ്. മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും ഒന്ന് ലഭിക്കാത്ത പക്ഷം മാത്രം തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയോ ജനപ്രതിനിധികളുടെയോ സാക്ഷ്യപത്രം സ്വീകരിക്കുന്നതാണ്.
- ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നും മരണകാരണം അസ്വാഭാവികമല്ല എന്ന് തെളിയിക്കുന്ന രേഖ ആവശ്യം വരുന്ന സന്ദർഭങ്ങളിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
- അന്തരിച്ച വ്യക്തിയുടെ കോവിഡ് ടെസ്റ്റ് നടത്തിയ (നെഗറ്റീവ്) സർട്ടിഫിക്കറ്റ് ഹാജരാക്കണം.

**സമയക്രമം**

പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ മൃതദേഹം അനാട്ടമി വിഭാഗത്തിൽ നേരിട്ട് സ്വീകരിക്കുന്നതാണ്. മറ്റ് സമയങ്ങളിലും അവധി ദിവസങ്ങളിലും പുതിയ മെഡിക്കൽ കോളേജിലെയോ, മെഡിക്കൽ കോളേജ് നെഞ്ച് രോഗ ആശുപത്രിയിലെയോ മോർച്ചറി ചേമ്പറുകളിൽ സ്വീകരിച്ച് സൂക്ഷിക്കുകയും തുടർന്ന് അടുത്ത പ്രവർത്തി ദിവസത്തിൽ അത് അനാട്ടമി വിഭാഗത്തിലേക്ക് കൈമാറുന്നതാണ്.

Department of **ANATOMY**

**Govt: Medical College, Thrissur- 680 596**
**Ph: 04872 201355**

*"I am a*
***proud Body Donor***
*I wish to live after death in the*
***hands of future doctors"***

**BODY DONOR IDENTITY CARD**

Sl No ......................

Date ......................

Name ..........................................................................................

Address ..........................................................................................

..........................................................................................

..........................................................................................

Date on which bond submitted HOD Anatomy

# സാക്ഷ്യപത്രം

## മരണാനന്തരം ഭൗതിക ശരീരദാനം

### അനാട്ടമി വിഭാഗം,
### ഗവൺമെന്റ് മെഡിക്കൽ കോളേജ്, ത്രിശ്ശൂർ

**ഭൗതിക ശരീരം മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനത്തിനും**
**മനുഷ്യരാശിയുടെ നന്മയ്ക്കുമായ് ദാനം ചെയ്ത പുണ്യാത്മാവിന് പ്രണാമം**

........................ അന്തരിച്ച ശ്രീ / ശ്രീമതി ..........................................................................................

.......................................................................................... എന്നവരുടെ ബന്ധുമിത്രാദികൾക്ക്

ഗവൺമെന്റ് മെഡിക്കൽ കോളേജ്, ത്രിശ്ശൂർ, അനാട്ടമി വിഭാഗം നൽകുന്ന സാക്ഷ്യപത്രം

GOVT MEDICAL COLLEGE, THRISSUR

ത്രിശ്ശൂർ
............................

പ്രൊഫസർ & ഹെഡ്
അനാട്ടമി വിഭാഗം ഗവ: മെഡിക്കൽ കോളേജ്, ത്രിശ്ശൂർ

# മൃതദേഹം എംബാം ചെയ്ത് കിട്ടുന്നതിനുള്ള അപേക്ഷ

## തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് അനാട്ടമി വിഭാഗം പ്രൊഫസർ മുമ്പാകെ സമർപ്പിക്കുന്നത്

1. അപേക്ഷകന്റെ പേര് പൂർണ്ണമായ വിലാസം (ആധാർ കോപ്പി) :

2. മരണപ്പെട്ട ആളുടെ പേര്, വയസ്സ്, പൂർണ്ണമായ വിലാസം :

   (ആധാർ കോപ്പി)

3. മരണപ്പെട്ട ആളുമായി അപേക്ഷകന്റെ ബന്ധം :

4. മൃതദേഹം എംബാം ചെയ്യുന്നതിന്റെ ആവശ്യം:

5. മരണകാരണം – സ്വാഭാവികം/ അസ്വാഭാവികം (മരണകാരണം വ്യക്തമാക്കുന്ന അധികാരപത്രം അപേക്ഷയോടൊപ്പം ഹാജരാക്കണം) :

6. അസ്വാഭാവിക മരണമെങ്കിൽ പോസ്റ്റുമോർട്ടം കഴിഞ്ഞതാണോ/ അല്ലയോ? (പോസ്റ്റുമോർട്ടം കഴിഞ്ഞതാണെങ്കിൽ അതിന് പോലീസും ഡോക്ടറും നൽകിയ അധികാര പത്രം അപേക്ഷയോടൊപ്പം ഹാജരാക്കണം)

7. മൃതദേഹം കൊണ്ടുപോകേണ്ട സ്ഥലം :

8. റോഡ് മാർഗ്ഗം/ വിമാനമാർഗ്ഗം/ റെയിൽ മാർഗ്ഗം :

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണ് എന്ന് ഇതിനാൽ അറിയിക്കുന്നു.

എന്ന്

സ്ഥലം :

തീയതി :

സാക്ഷി :
മൊബൈൽ നം.

അപേക്ഷകൻ
മൊബൈൽ നം.

എംബാമിങ് ഫീസ് 300 രൂപ

പ്രൊഫസർ & എച്ച്. ഒ.ഡി. അനാട്ടമി ഡിപാർട്ട്മെന്റ്
ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ